**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് - സഞ്ചരിക്കുന്ന ആതുരാലയം (സ്നേഹപഥം) പദ്ധതി - നീതിസ്റ്റോറുകൾ, സപ്ലൈകോ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മരുന്ന് വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).856/13/തസ്വഭവ തിരുവനന്തപുരം, തീയതി, 30.03.2013

---

പരാമർശം:- 1. നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15/12/2012-ലെ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 04.02.2013 ലെ 1458/ഡി.പി3/13/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ചതും ഈ വർഷത്തിലും തുടരുന്നതുമായ സഞ്ചരിക്കുന്ന ആതുരാലയം (സ്നേഹപഥം) പദ്ധതിക്കുവേണ്ടി ആവശ്യമുള്ള മരുന്ന് വാങ്ങുന്നത് മെഡിക്കൽ കോർപ്പറേഷൻ വഴിയാണെന്നും ആവശ്യമുള്ള മരുന്ന് വൈകിമാത്രം കിട്ടുന്ന സ്ഥിതിയുള്ളതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു പ്രത്യേക പദ്ധതി എന്ന നിലയിൽ മരുന്ന് ആവശ്യമുള്ളപ്പോൾ സഹകരണസ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്ന ഉത്തരവ് ഉണ്ടാകണമെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) ൽ അഭ്യർത്ഥിച്ചിരുന്നു. ടി പദ്ധതിക്ക് മരുന്ന് ആവശ്യമുള്ളപ്പോൾ മെഡിക്കൽ കോർപ്പറേഷനിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ നീതി സ്റ്റോറുകൾ, സപ്ലൈകോ, സഹകരണസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിയമാനുസൃതം വാങ്ങുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് പരാമർശം (2) ൽ ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ സ്നേഹപഥം എന്ന പ്രത്യേക പദ്ധതിക്ക് മരുന്ന് ആവശ്യമുള്ളപ്പോൾ മെഡിക്കൽ കോർപ്പറേഷനിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ നീതി സ്റ്റോറുകൾ, സപ്ലൈകോ,

സാംസ്കരണസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിയമാനുസൃതം മരുന്ന് വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി. ശിവപ്രസാദ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ